**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **04-03-2025 - ൽ മറുപടിയ്ക്ക്**

**നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാവസായിക രംഗത്ത് നിലവിലെ സർക്കാർ നടപ്പാക്കിയിട്ടുള്ള പരിഷ്കരണങ്ങളുടെ ഫലമായി നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്നതിനായി 2014 മുതൽ സ്റ്റേറ്റ് ബിസിനസ് റീഫോംസ് ആക്ഷൻ പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസ്സിന് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ എക്സർസൈസിന്റെ ലക്ഷ്യം. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിൽ, വിലയിരുത്തപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് കേരള സർക്കാർ പ്രാരംഭഘട്ടം മുതൽ ഈ ഉദ്യമത്തിൽ സജീവമായി പങ്കെടുത്തു വരുന്നു. പ്രസ്തുത സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, 22 വകുപ്പുകൾ/ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്നു. ഈ പരിഷ്കാരങ്ങളിൽ 261 എണ്ണം ബിസിനസ്സ് കേന്ദ്രീകൃതവും ബാക്കി 91 എണ്ണം പൗരകേന്ദ്രീകൃതവുമായിരുന്നു. ഇപ്രകാരം നടപ്പിൽ വരുത്തിയ പരിഷ്കരണങ്ങളുടെ ഉപഭോക്താക്കളുമായി തുടർന്ന് നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളുടെ നിക്ഷേപ സൗഹൃദ അന്തരീക്ഷം |

| | | | |
|---|---|---|---|
| | | | വിലയിരുത്തപ്പെടുന്നത്. ഇത്തരത്തിൽ സംസ്ഥാനങ്ങളെ വിലയിരുത്തി റാങ്കിങ് അല്ല നിലവിൽ നിശ്ചയിക്കുന്നത്, മറിച്ച് സംസ്ഥാനങ്ങളെ പല വിഭാഗങ്ങളിലായി തരംതിരിക്കുകയാണ് ചെയ്യുന്നത്.<br><br>നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച 2022-ലെ സൂചികയിൽ, പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളെയാണ് ഡി.പി.ഐ.ഐ.ടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. മേൽ പറഞ്ഞ 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടാൻ കേരളത്തിന് കഴിഞ്ഞു. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. തുടർന്ന് വരുന്ന ആന്ധ്ര പ്രദേശിന് 5 പരിഷ്കരണ മേഖലകളിലും, ഗുജറാത്തിന് 3 പരിഷ്കരണ മേഖലകളിലുമാണ് ടോപ്പ് അച്ചീവർ സ്ഥാനം നേടാനായത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പട്ടികയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം സ്വന്തമാക്കുവാൻ കഴിഞ്ഞത് സംരംഭമേഖലയിൽ സംസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കിയ പരിഷ്കരണ പ്രവർത്തനങ്ങളിലൂടെയാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു. |
| (ബി) | സംസ്ഥാനം നിക്ഷേപ സൗഹൃദമായി മാറിയത് സംബന്ധിച്ച് വ്യാവസായിക ലോകം ചർച്ച ചെയ്യുന്ന അവസരത്തിൽ ഇതു സംബന്ധിച്ച് ചില കേന്ദ്രങ്ങൾ തെറ്റായ പ്രചരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഒറ്റപ്പെട്ട ചില കേന്ദ്രങ്ങളിൽ നിന്നും ആസൂത്രിതമായ രീതിയിൽ നെഗറ്റീവ് വാർത്തകൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആധികാരിക രേഖകളുടേയും റിപ്പോർട്ടുകളുടേയും വെളിച്ചത്തിൽ ഇക്കാര്യത്തിൽ പിന്നീട് നിലപാട് മാറ്റുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാർ സംഘടിപ്പിച്ച അന്താരാഷ്ട്ര നിക്ഷേപ സംഗമത്തിൽ വ്യവസായിക |

| | | | |
|---|---|---|---|
| | | | ലോകത്തെ പ്രമുഖരുടെ സജീവ പങ്കാളിത്തവും നിക്ഷേപ വാഗ്ദാനങ്ങളും സംസ്ഥാനം നിക്ഷേപ സൗഹൃദത്തിൽ ഒന്നാം നിരയിലാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ സംസ്ഥാന താൽപര്യത്തിന് വിരുദ്ധമായി ദുഷ്പ്രചരണങ്ങൾ നടത്തുന്നവർ പോലും പിന്നീട് ആധികാരിക രേഖകളും സംസ്ഥാനത്തെ സാഹചര്യങ്ങളും പഠന വിധേയമാക്കി ബോധ്യപ്പെട്ടതിനുശേഷം മുൻ നിലപാട് തിരുത്തുവാൻ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | ബി പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ